THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

GSTIN No: 32AAACT7596H2Z2

PRO/F-101/KS/2830 07.10.2023

**പുനർ ദർഘാസ്സ് നോട്ടീസ്**

**ഡയറി ഫാം- ഇ-ടെൻഡർ/സീൽഡ് ടെൻഡർ**

പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കാസർഗോഡ് എസ്റ്റേറ്റിലെ പെർള ഡിവിഷനിൽ 15 ഏക്കറിലായി വ്യാപിച്ചു കിടക്കുന്ന നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പശുഫാം, അനുബന്ധ സൌകര്യങ്ങൾ എന്നിവയും, കന്നുകാലികൾക്ക് തീറ്റയായി കൊടുക്കുന്നതിനുള്ള പുല്ല് ഇടവിളയായി വളർത്തുന്നതിന് ഫാമിനോട് ചേർന്ന് കുദ്വുവ-ഊക്കിനടുക്ക ബ്ലോക്കിലെ ഏകദേശം 10 ഏക്കർ സ്ഥലവും ഉൾപ്പെടെ 5 വർഷകാലയളവിൽ, കോർപ്പറേഷന് പാട്ടത്തുക നൽകി കരാറടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പുനർ താൽപ്പര്യപത്രം റീ-ഇ-ദർഘാസ് / ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

## റീ-ടെൻഡർ വ്യവസ്ഥകൾ

1. പുനർ ഇ-ദർഘാസും, പുനർ സീൽഡ് ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 19.10.2023 ന് 10.30 AM വരെയാണ്. തുടർന്ന് അന്നേദിവസം 11.00 AM-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസ്സുകൾ കാസർഗോഡ് എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്. ഇ-ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവെച്ച് തുറക്കുന്നതുമാണ്. ഇ-ദർഘാസ്സ് തുറക്കുന്ന തീയതി 20.10.2023-ന് 11.00 AM ആണ്. ടെണ്ടർ തുറന്നതിനുശേഷം നെഗോസിയേഷൻ ഉണ്ടായിരിക്കുന്നതല്ല. കോർപ്പറേഷന് പാട്ടത്തുകയായി നൽകാവുന്ന ഏറ്റവും ഉയർന്ന തുകയാണ് പുനർ ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. തുടർന്ന് രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കൂടിയ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്. ടെണ്ടർ തുറന്നതിനുശേഷം നെഗോസിയേഷൻ ഉണ്ടായിരിക്കുന്നതല്ല.

2. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി പെർള ഡിവിഷനിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പശു ഫാമിലെ സൌകര്യങ്ങളും ഈ കരാർ വ്യവസ്ഥകളുടെ ഭാഗമായി അനുബന്ധിച്ചിരിക്കുന്ന പട്ടികയിലെ സ്ഥാവരജംഗമ വസ്തുവഹകൾ സംബന്ധമായ വിവരങ്ങളും നേരിൽകണ്ട് പരിശോധിച്ച് മനസ്സിലാക്കിയിരിക്കേണ്ടതാണ്.ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | എസ്റ്റേറ്റ് | മൊബൈൽ/ലാൻഡ് നമ്പർ |
|---|---|---|---|
| ശ്രീ. എം. സന്തോഷ് | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9447142369<br>0481-2578301-04 |
| ശ്രീ.പി.എം.ഇസ്മയിൽ | മാനേജർ | കാസർഗോഡ് | 0499-4250223,<br>9446076738,9496076070 |

3. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സാധാരണ ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.
4. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക.
5. ഇ-ടെണ്ടർ അല്ലാതെ സാധാരണ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച്, ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, കാസർഗോഡ് എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്നതിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഇ-ടെണ്ടർ/ സീൽഡ് ടെണ്ടർ മുഖാന്തിരം പങ്കെടുക്കുന്നവർ ടെണ്ടർ നിരതദ്രവ്യമായി 5,000 രൂപ ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.
6. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച D.D.-യും സഹിതം ടെൻഡർ തുറക്കുന്ന ദിവസം 10.30 AM-ന് മുൻപായി കാസർഗോഡ് എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
7. ഇ-ദർഘാസിലൂടെയോ, സാധാരണ ദർഘാസിലൂടെയോ ഭാഗികമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
8. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
9. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
10. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം രാവിലെ 10.30-ന് നടത്തുന്നതായിരിക്കും.
11. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അതികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
12. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
13. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).
14. കരാർകാലാവധി, കരാർഉടമ്പടി ഒപ്പു വയ്ക്കുന്ന തീയതി മുതൽ മുതൽ 60 കലണ്ടർ മാസത്തേക്കായിരിക്കും.
15. ഫാം നടത്തിപ്പിന് ആവശ്യമായ മൃഗസംരക്ഷണവകുപ്പ്, ഭക്ഷ്യ-ആരോഗ്യ വകുപ്പ് മലിനീകരണ നിയന്ത്രണബോർഡ്, മറ്റ്സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽനിന്നുമുള്ള ലൈസൻസ്/ അനുമതിപത്രം എന്നിവ വാങ്ങേണ്ട ചുമതല ക്രേതാവിൽ നിക്ഷിപ്തമാണ്. ടി ലൈസൻസുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഒരു കോപ്പി എസ്റ്റേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതും, ടി-ലൈസൻസുകൾ / അനുമതി പത്രം എന്നിവ കാലാകാലങ്ങളിൽ ക്രേതാവ് പുതുക്കേണ്ടതുമാകുന്നു.

16. കരാറുകാരൻ ടെൻഡർ ഉറപ്പിച്ച് അറിയിപ്പ് കിട്ടി ഏഴ് ദിവസത്തിനുള്ളിൽ ഒരു ലക്ഷം രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി കെട്ടി വച്ച് 200 രൂപ മുദ്രപ്പത്രത്തിൽ കരാർ ഉടമ്പടി വയ്ക്കേണ്ടതുമാണ്.

17. കരാർ പ്രകാരം ക്രേതാവ് കോർപ്പറേഷനിലേക്ക് അടയ്ക്കേണ്ട മൊത്തം തുക അടക്കുന്നതു സംബന്ധിച്ചുള്ള ഷെഡ്യൂൾ, കരാർ ഉറപ്പിക്കാനായി തെരെഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി/സ്ഥാപനവുമായികൂടിയാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും.

18. കരാർ വ്യവസ്ഥകളുടെ ഭാഗമായി അനുബന്ധിച്ചിരിക്കുന്ന പട്ടികയിൽ വിവരിച്ചിട്ടുള്ള സ്ഥാവരജംഗമവസ്തുക്കൾ ഫാംനടത്തിപ്പിനായി കരാറുകാരന് ഉപയോഗിക്കാവുന്നതാണ്. ഈ കാലയളവിൽ ഫാമിനോ, കോർപ്പറേഷൻ നൽകിയിരിക്കുന്ന സ്ഥാവര-ജംഗമവസ്തുക്കൾക്കോ ഏതെങ്കിലും വിധത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയത് കോർപ്പറേഷൻ നിർദ്ദേശിക്കുന്ന തരത്തിൽ ക്രേതാവിന്റെ ചെലവിൽ തൃപ്തികരമായി പരിഹരിക്കേണ്ടതുമാണ്.

19. പശുക്കളെയും പശുക്കുട്ടികളെയും വാണിജ്യാടിസ്ഥാനത്തിൽ വളർത്തുന്നതിനും, ആദായമെടുക്കുന്നതിനും മാത്രമേ ഫാമിൽ അനുവദിക്കുകയുള്ളു.

20. തീറ്റപ്പുല്ല് വളർത്തുന്നതും, ഫാം നടത്തുന്നതും നിലവിലുള്ള കൃഷിവകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും നിബന്ധനകൾ പാലിച്ചുകൊണ്ടും, പാരിസ്ഥിതിക ആവാസവ്യവസ്ഥയെദോഷകരമായി ബാധിക്കാത്ത വിധത്തിലും മണ്ണ്, ജലം, ജീവജാലങ്ങൾഎന്നിവയെ സംരക്ഷിച്ചുകൊണ്ടും, മാരകമായ കീടനാശിനി പ്രയോഗം ഒഴിവാക്കി കൊണ്ടും വേണം നടത്തേണ്ടത്.

21. ഫാം നടത്തിപ്പിന് നിലവിലെ സൗകര്യങ്ങളിൽ നിന്നും കൂടുതൽ എന്തെങ്കിലും സൗകര്യങ്ങൾ ആവശ്യമെങ്കിൽ കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും കോർപ്പറേഷന്റെ അനുമതിയോടെ ഏർപ്പെടുത്തേണ്ടതാകുന്നു.

22. കരാർകാലാവധി 5 വർഷത്തിനുശേഷം എല്ലാ മൃഗങ്ങളെയും നീക്കം ചെയ്യേണ്ടതും, കോർപറേഷനിൽ നിന്നും അനുഭവത്തിനനുവദിച്ചിരുന്ന എല്ലാസാധന സാമഗ്രികളും (മെഷീനുകൾ ഉൾപ്പടെ) പ്രവർത്തനക്ഷമമായ നിലയിൽ ഒരു മാസത്തിനകം തിരികെ ഏല്പിക്കേണ്ടതുമാകുന്നു. ടി - കാലയളവ് കഴിഞ്ഞാൽ ഓരോ 7 ദിവസത്തിനും കരാറുകാരനിൽ നിന്നും കരാർതുകയുടെ ½% വരുന്ന തുക ഈടാക്കി പരമാവധി 30 ദിവസത്തേക്കുകൂടി തുടരുന്നതിന് അനുമതി നൽകുന്നതിന്കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. തുടർന്നും ടി പ്രവർത്തികൾ പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തുന്നതാകയാൽ കരാർ റദ്ദുചെയ്യുന്നതിനും, ടിയാൻ അടച്ചിട്ടുള്ള എല്ലാ സംഖ്യകളും, കണ്ടുകെട്ടി കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതിനും, കൂടാതെ ഫാമിന്റെ പ്രവർത്തനങ്ങളും, സ്ഥാവര ജംഗമ സ്വത്തുകളടക്കം എല്ലാം കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനും, കോർപ്പറേഷന് അവകാശമുണ്ടായിരക്കുന്നതുമാണ്. പിന്നീട് യാതൊരുവിധ അവകാശവാദവും ഉന്നയിക്കുന്നതിന് കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതുമല്ല.

23. ഫാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ വസ്തുവകകൾക്ക് യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാകുവൻ പാടുള്ളതല്ല. അപ്രകാരം സംഭവിച്ചാൽ ആയതിന്റെ നഷ്ടം ക്രേതാവിൽ നിന്നും ഈടാക്കുന്നതായിരിക്കും.

24. കരാറുകാരൻ, കരാർ കാലയളവിനുള്ളിൽ ഓരോ വർഷവും 10 MT. ഉണക്ക ചാണകം കോർപ്പറേഷനു നൽകേണ്ടതാകുന്നു. ആയതിന്കോർപ്പറേഷൻ യാതൊരു വിധപ്രതിഫലവും നൽകുന്നതല്ല.

25. മാലിന്യ നിർമാർജനത്തിന് ആവശ്യമായ നിലവിലെ സൗകര്യങ്ങൾക്കുപുറമെ, നിയമാനുസൃതമായി അധിക സൌകര്യങ്ങൾ ആവശ്യമെങ്കിൽ, ആയത് ക്രേതാവ് സ്വന്തംചെലവിലും ഉത്തരവാദിത്വത്തിലും, കോർപ്പറേഷന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും, രേഖാമൂലമുള്ള അനുവാദത്തോടെയും മാത്രം ഏർപ്പാടാക്കേണ്ടതാണ്. എന്നാൽ, കരാർ കാലാവധിക്കുശേഷം ഇവ നീക്കം ചെയ്യുന്നതിന് ക്രേതാവിനെ അനുവദിക്കുകയോ, അയതിന് എന്തെങ്കിലും പ്രതിഫലം നൽകുകയോ ചെയ്യുന്നതുമല്ല. അപ്രകാരം ആവശ്യമുന്നയിക്കുന്നതിന് കാരാറു കാരന് അവകാശമുണ്ടായിരിക്കുന്നതുമല്ല.

Sd/
മാനേജിങ് ഡയറക്ടർ

**<u>പ്രഖ്യാപനം</u>: ബന്ധപ്പെട്ട പുനർ ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | പുനർ ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി:

# ANNEXURE
## DAIRY FARM KASARGODE
## PRESENT FACILITES AVAILABLE INCLUDING LIVESTOCK

PRO/F-101/KS/2830 07.10.2023

**DETAILS OF COWS**

| Sl.No. | Details | Nos. | Remarks |
|---|---|---|---|
| 1 | Milking Cows | 8 | |
| 2 | Non Milking Cows | 1 | (3 Cows are under treatment for Udder Mastitis) |
| 3 | Concieved Cows | 1 | |
| 4 | Female Calves | 5 | (2Nos - 1 year old)<br>(2Nos - 6 months old)<br>(1Nos - 1 month old) |
| 5 | Male Calf | 1 | (1Nos - 1 month old) |
| | **TOTAL** | **16** | |

## DETAILS OF INFRASTRUCTURE FACILITIES

**BUILDINGS**

| Sl.No. | Description | Nos. |
|---|---|---|
| 1 | Main Shed (for 100 Cows) | 1 |
| 2 | Milking Parlour | 1 |
| 3 | Milk Processing Unit | 1 |
| 4 | Feed Godown | 1 |
| 5 | Open Shed | 1 |
| 6 | Managers Quarters | 1 |
| 7 | Supervisor Quarters | 2 |
| 8 | Labour Quarters | 6 |
| 9 | Toilet | 6 |
| 10 | Electrical/Generator Room | 1 |

**MACHINERIES/EQUIPMENTS**

| Sl.No. | Description | Nos. |
|---|---|---|
| 1 | Milking Parlour Unit for 8 Nos. Cows. | 1 |
| 2 | Pasteurization Unit | 1 |
| 3 | Packing Unit | 1 |
| 4 | S.S. Milk Storage Tank | 1 |
| 5 | Hot Water Generator Unit | 1 |
| 6 | I.B. T. Unit | 1 |
| 7 | Cooling Tower | 1 |
| 8 | Cold Room | 1 |
| 9 | Generator Set - 62.5 kva | 1 |
| 10 | Transformer & Panel Board Unit | 1 |
| 11 | Cow Brush | 5 |
| 12 | S. S. Water Trough | 12 |
| 13 | Head Lock | 120 |
| 14 | Dung Scrapper Unit | 1 |
| 15 | GI Cubicle Partition | 110 |
| 16 | T. M. R. Wagon Unit | 1 |
| 17 | Mobile Shredder Unit | 1 |
| 18 | One bucket Milking unit with two buckets and one compresser unit. | 1 |
| 19 | Cow Mat | 91 |
| 20 | E. T. P. Unit | 1 |

**OTHER AMENITIES**

| Sl.No. | Description | Nos. |
|---|---|---|
| 1 | Bore well | 2 |
| 2 | PVC Water Tank-2000Ltr. | 3 |

…………………